(ഡി) എ. ആർ. പി. നോംസ് അനുസരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി അടുത്ത എ. ആർ. പി. കമ്മിറ്റിയിൽ അംഗീകാരത്തിന് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ഹരിപ്പാട് മണ്ഡലത്തിലെ കുടിവെള്ള വിതരണം

68 [786] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചയെ നേരിടുന്നതിനായി ഹരിപ്പാട് മണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി ഏതെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പുരോഗമിക്കുന്ന വർക്കുകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) & (ബി) വരൾച്ചയെ നേരിടുന്നതിനായി ഹരിപ്പാട് മണ്ഡലത്തിലെ ചെറുതന പഞ്ചായത്തിലെ പെരുമാങ്കര, തുണ്ടിൽപോച്ച പ്രദേശങ്ങൾ, കാർത്തികപ്പള്ളിയുടെ കിഴക്കൻമേഖല, തൃക്കുന്നപ്പുഴ 12, 13, 14 വാർഡുകൾ, ആറാട്ടുപുഴ ബസ് സ്റ്റാന്റ്, നല്ലാണിക്കൽ, രാമഞ്ചേരി എന്നീ പ്രദേശങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിൽ പെരുമാങ്കര പ്രദേശം, കാർത്തികപ്പള്ളി പഴയ ഒന്നാംവാർഡിലെ മണ്ണൂർ സ്കൂൾ പരിസരം, തൃക്കുന്നപ്പുഴ, പല്ലന ആശാൻ സ്മാരക സ്കൂൾ പരിസരം, ആറാട്ടുപുഴ വില്ലേജിലെ നല്ലാണിക്കൽ പി. എച്ച്. സെന്റർ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറുകളിലെ അവശേഷിച്ചിരുന്ന പ്രവൃത്തികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ആറാട്ടുപുഴ വില്ലേജിലെ മംഗലം, കുറിയപ്പള്ളേരി എന്നീ സ്ഥലങ്ങളിലെ 2.25 ലക്ഷം ലിറ്റർ, 90,000 ലിറ്റർശേഷിയുള്ള ഉന്നതതല ജലസംഭരണികളുടെയും രണ്ട് കുഴൽ കിണറുകളുടെയും തറയിൽക്കടവ് 14-ാം നമ്പർ രാമഞ്ചേരി ഇടമൺമേഖലയിലെ കുഴൽ കിണറുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

ത്രിതല പഞ്ചായത്തുകൾ പണം അടച്ചിട്ടുള്ള പൈപ്പ് ദീർഘിപ്പിക്കൽ പ്രവൃത്തികൾ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതി വഴി ചേപ്പാട്, ഹരിപ്പാട്, ചെറുതന പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കും.

ശ്രീ. എസ്. രാമചന്ദ്രൻപിള്ള എം. പി. യുടെ പ്രാദേശികവികസന ഫണ്ട് ഉപയോഗിച്ചുള്ള പൈപ്പ് ദീർഘിപ്പിക്കൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഇവ പൂർത്തിയാകുന്നതോടെ ചേപ്പാട്, ഹരിപ്പാട്, കുമാരപുരം പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കും.

കൂടാതെ ചില പമ്പ് ഹൗസുകളിൽ അഡീഷണൽ ഷിഫ്റ്റ് ഏർപ്പെടുത്തിയും അറ്റകുറ്റപ്പണികൾ തീർത്തും ജലവിതരണം മെച്ചപ്പെടുത്താൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly